(ബി) ഇതിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ വിളിക്കുകയും അവ കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽ പരിശോധിച്ചു വരികയാണ്.

(സി) 3-2002ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ കരാറടിസ്ഥാനത്തിലുള്ള നിയമനം

49 (213) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളാ വാട്ടർ അതോറിറ്റിയിൽ കരാറടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) എതെല്ലാം പോസ്റ്റുകളിൽ എത്ര പേരെ ഇപ്രകാരം നിയമിച്ചിട്ടുണ്ടെന്നും ഓരോ പോസ്റ്റിന്റേയും ശമ്പളം എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 13 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം നിയമിച്ചവരുടെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1.	ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ (ശമ്പള നിരക്ക് 10210-15635 രൂപ)	- 1
2.	ഡ്രൈവർ (പ്രതിമാസം 4200 രൂപ)	- 7
3.	ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ (ശമ്പള നിരക്ക് - 10210-15635 രൂപ)	- 1
4.	അസിസ്റ്റന്റ് ഡേറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ (ശമ്പള നിരക്ക് 7510-11785 രൂപ)	- 1
5.	സെക്യൂരിറ്റി സ്റ്റാഫ് (പ്രതിമാസം 2520 രൂപ)	- 3

വാട്ടർ അതോറിറ്റിയുടെ കടബാധ്യത

50 (214) ഡോ. എം. എ.കുട്ടപ്പൻ :
ശ്രീ. പി. ജെ. ജോയി:
ശ്രീ. എ .കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly